## പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3375 — 19.10.2016 ന് മറുപടിയ്ക്ക്.

### വയനാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ശല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.ശശീന്ദ്രൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) വയനാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ശല്യം വർദ്ധിച്ചുവരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വന്യമൃഗങ്ങളെ നിയന്ത്രണ വിധേയമാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) വന്യമൃഗങ്ങളെ നിയന്ത്രണ വിധേയമാക്കാൻ താഴെ പറയുന്ന നടപടികൾ വനം വകുപ്പ് നടപ്പിലാക്കി വരുന്നു.<br>1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.<br>2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.<br>3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.<br>4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ.<br>5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കാൻ നടപടിയെടുത്തു വരുന്നു.<br>6. പ്രശ്നബാധിത മേഖലകളിൽ വന്യജീവികൾ കാടിന് പുറത്തേക്കിറങ്ങിയതായി അറിഞ്ഞാൽ ആ വിവരം പ്രദേശവാസികൾക്ക് എസ്.എം.എസ് മുഖാന്തിരം അറിയിക്കുകയും ജാഗ്രത പാലിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്ന Early Warning SMS System നടപ്പാക്കിയിട്ടുണ്ട്.<br>7. വനാതിർത്തികളിലും വനാന്തർ ഭാഗത്തും പട്രോളിംഗ് നടത്തി വരുന്നു. |

8. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
9. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നല്കി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.
10. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്കരണം നടത്തുന്നതിനുമുള്ള നടപടികൾ.
11. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

| | |
|---|---|
| (സി) വന്യമൃഗങ്ങളിൽ നിന്നുണ്ടാകുന്ന ശല്യത്തിനും അത്യാഹിതങ്ങൾക്കുമായി വയനാട് ജില്ലയിൽ നഷ്ടപരിഹാരമായി ഈ വർഷം നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) വന്യമൃഗങ്ങളിൽ നിന്നുണ്ടാകുന്ന ശല്യത്തിനും അത്യാഹിതങ്ങൾക്കുമായി വയനാട് ജില്ലയിൽ ഈ വർഷം നാളിതുവരെ നഷ്ടപരിഹാരമായി 1,06,80,712/- രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ